സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനത്തിന് സാമുദായിക സംവരണം ഏർപ്പെടുത്തുന്നതിന് നടപടി

14 (*513) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനത്തിന് സാമുദായിക സംവരണം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) പ്രസ്തുത പ്രവേശനത്തിന് ഫീസാനുകൂല്യം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള വരുമാനപരിധി എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇടത്തരം വരുമാനക്കാർക്കും കൂടി സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശനം സാദ്ധ്യമാക്കുന്നതിന് ഫീസാനുകൂല്യം നൽകുന്നതിനുള്ള വരുമാനപരിധി ഉയർത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ,

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 50 ശതമാനം സർക്കാർ സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റിൽ സംവരണതത്വം പാലിക്കേണ്ടതുണ്ട്.

(ബി) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഈ വർഷത്തെ പ്രവേശനത്തിന് ഫീസാനുകൂല്യം നൽകുന്നതിന് വരുമാനപരിധി ഇതുവരെയും നിശ്ചയിച്ചിട്ടില്ല.

(സി) ഫീസാനുകൂല്യം നൽകുന്നതിന് വരുമാന പരിധി നിശ്ചയിക്കുന്ന കാര്യത്തിൻമേൽ ഇതുവരെയും തീരുമാനം കൈക്കൊണ്ടിട്ടില്ല.

എയിഡഡ് സ്കൂൾ ജീവനക്കാർക്ക് ഭവനനിർമ്മാണ വായ്പ

15(*514) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി ബാലറാം :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ജീവനക്കാർക്ക് ഗവൺമെന്റിൽ നിന്നും ഭവന നിർമ്മാണ വായ്പ അനുവദിച്ചപ്പോൾ എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് ഈ ആനുകൂല്യം നൽകിയിരുന്നുവോ ;

(ബി) ഇപ്പോൾ ഗവൺമെന്റ് ജീവനക്കാർക്ക് ബാങ്ക് വഴി ഭവന നിർമ്മാണ വായ്പ നൽകുമ്പോൾ ഈ ആനുകൂല്യം എയ്ഡഡ് സ്കൂൾ ജീവനക്കാർക്കും ലഭിക്കാൻ അർഹതയുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ;

(ഡി) ബാങ്ക് വഴിയുള്ള ഭവന നിർമ്മാണ വായ്പ എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് ബാധകമാക്കിയിട്ടില്ലെന്ന് പറഞ്ഞുകൊണ്ട് ഇതിനകം ലഭിച്ചിട്ടുള്ള ഇത്തരം ജീവനക്കാരുടെ അപേക്ഷ ഡി. പി. ഐ. ഓഫീസിൽ നിന്ന് തിരിച്ചയയ്ക്കുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ,

(എ) ഇല്ല.

(ബി) ഇല്ല.

(സി) ഈ പദ്ധതി എയ്ഡഡ് സ്കൂളുകളിൽ നടപ്പാക്കിയിട്ടില്ല.

(ഡി) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ കിട്ടിയിട്ടുള്ള എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ അപേക്ഷകൾ തിരിച്ചയച്ചിട്ടുണ്ട്.

അവശവിഭാഗങ്ങൾക്ക് വീടുകൾ നിർമ്മിക്കുന്നതിന് വായ്പ

16 (*515) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അവശവിഭാഗങ്ങൾക്ക് വീടുകൾ നിർമ്മിക്കുന്നതിന് സർക്കാർ എന്തെങ്കിലും പുതിയ പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ വിഭാഗങ്ങൾക്ക് വസ്തുപണയം വയ്ക്കാതെ തന്നെ വീട് നിർമ്മാണത്തിന് വായ്പ നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇക്കാര്യത്തിൽ പുതിയ നിയമ നിർമ്മാണം ആവശ്യമായി വരുമെങ്കിൽ ആയതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ,

(എ) സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലേയും ഭൂരഹിതരും ഭവനരഹിതരുമായ ദുർബലവിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനായി ഒരു പുതിയ വായ്പാ പദ്ധതി നടപ്പിലാക്കാൻ ഭവന നിർമ്മാണ ബോർഡ് ഉദ്ദേശിക്കുന്നു.

(ബി) ഭവന നിർമ്മാണ ബോർഡ് ഹഡ്കോ മുതലായ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ സ്വരൂപിച്ചാണ് വായ്പ വിതരണം നടത്തുന്നത്. അതിനാൽ ആവശ്യമായ ഈടിൻമേൽ മാത്രമേ ബോർഡിന് വായ്പ അനുവദിയ്ക്കുവാൻ നിർവ്വാഹമുള്ളൂ.

(സി) '(ബി)'-യുടെ മറുപടി വെളിച്ചത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly